(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്കിൽ പങ്കെടുത്തവർ

1 [3] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, എ. കെ. പത്മനാഭൻ:
,, ഇ. പത്മനാഭൻ:
,, എം. വി. രാഘവൻ:
,, ഒ. ഭരതൻ:
,, പി. സി. തോമസ് (കടുത്തുരുത്തി): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കിനോടനുബന്ധിച്ച് ആഗസ്റ്റ് 7 മുതൽ 17 വരെയുള്ള ഓരോ പ്രവൃത്തി ദിവസവും എത്ര ജീവനക്കാരും അദ്ധ്യാപകരും പണിമുടക്കിയെന്നാണ് കണക്ക്;

(ബി) അത് ആകെയുള്ളതിന്റെ എത്ര ശതമാനമാണ്;

(സി) അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സെക്രട്ടേറിയറ്റിൽ ഈ ഓരോ പ്രവൃത്തി ദിവസവും പണിമുടക്കിയവർ എത്രവീതമാണ്?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സെക്രട്ടേറിയറ്റിൽ ഓരോ ദിവസവും പണിമുടക്കിയവരുടെ സംഖ്യ ഇപ്രകാരമാണ്.

	തീയതി	പണിമുടക്കിയവരുടെ എണ്ണം
1.	7-8-1985	1772
2.	8-8-1985	1934
3.	9-8-1985	1670
4.	12-8-1985	1833
5.	13-8-1985	1843
6.	14-8-1965	1769
7.	16-8-1985	1708
8.	17-8-1985	1769

LIBRARY ARCHIVES Kerala Legislative Assembly